ആർ ബി ഐ /2005-06/181
DPSS (CO) No. 590/01-01-15/2005

ഒക്ടോബർ 17, 2005

**ചെയർമാൻ/ഇലക്ട്രോണിക് ക്ലിയറിംഗ് സർവ്വീസുമായി ബന്ധപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക്**

സർ,

ഗവർമെന്റ് ഡിപ്പാർട്ടുമെന്റുകളും കോർപ്പറേറ്റ് സ്ഥാപനങ്ങളും ശമ്പളം, പെൻഷൻ ഡിവിഡന്റ്, പലിശ മുതലായ ആവർത്തിച്ചുള്ള പേയ്മെന്റുകൾക്ക് ഇലക്ട്രോണിക് ക്ലിയറിംഗ് സർവ്വീസ് (ഇ സി എസ്) വർദ്ധിച്ച രീതയിൽ ഉപയോഗിക്കുന്ന വിവരം താങ്കൾ അറിഞ്ഞിരിക്കുമല്ലോ.

2. ഗുണഭോക്താക്കളായ ഇടപാടുകാർക്കും ഉപയോക്താക്കൾക്കും ഇ.സി.എസ്. വളരെ സൗകര്യപ്രദമാണെങ്കിലും പരാതികളും വർദ്ധിപ്പിച്ചിട്ടുണ്ട്. ബാങ്കുകൾ പാസ്സ്ബുക്കിലും ഈ.സി.എസ്. അക്കൗണ്ടിനുള്ള സ്റ്റേറ്റുമെന്റുകളിലും നല്കിയിട്ടുള്ള വിവരങ്ങൾ, അപൂർണ്ണമായതിനാൽ ഉപഭോക്താക്കൾക്ക് ഇടപാടുകളുടെ റികൺസീലിയേഷൻ ദുഷ്കരമാകന്നുവെന്നതാണ് പ്രധാന പരാതി. ഈ സ്റ്റേറ്റുമെന്റ്കളിൽ ഇടപാടുകളുടെ പൂർണ്ണവിവരങ്ങൾ ആവശ്യമാണെന്ന പബ്ലിക് സർവ്വീസ് നടപടിക്രമങ്ങളും നടത്തിപ്പിനുമുള്ള കമ്മിറ്റിയുടെ (സി.പി.പി.ഏ.പി.എസ്.) (താരാപ്പൂർകമ്മറ്റി) നിർദ്ദേശം ശ്രദ്ധിക്കമെല്ലോ.

3. ഇസിഎസ് റിപ്പോർട്ടിൽ(പേപ്പർ/ഇലക്ട്രോണിക്) , അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളിൽ വിശദവിവരങ്ങൾ ഉൾക്കൊള്ളിക്കാനായി ബാങ്കുകൾക്ക് നൽകിയിട്ടുള്ള യൂസർനെയിമിന്റെ ചുരുക്കെഴുത്ത് അനുയോജ്യമായി ഉപയോഗപ്പെടുത്താവുന്നതാണ്.

4. മുകളിൽ പറഞ്ഞ വിവരങ്ങളുടെ വെളിച്ചത്തിൽ ഉപഭോക്താക്കൾക്ക് പാസ്ബുക്കിലും ഇ സി എ സ് അക്കൗണ്ട് സ്റ്റേറ്റ്മെന്റിലുമായി വായ്പയെ സംബന്ധിച്ച അവശ്യ വിവരങ്ങൾ നൽകുന്നതിനായി ബ്രാഞ്ചുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഇവ കൂടുതൽ ലഘുവാക്കുന്നതിന് അനുയോജ്യമായ സാങ്കേതിക പരിഹാരങ്ങളും ഉപയോഗിക്കാവുന്നതാണ്.

5. ഇ.എഫ്.റ്റി, എസ്.ഇ.എഫ്.ററി., ആർ.ടി.ജി.എസ്. മുതലായവ മറ്റ് ഇലക്ട്രോണിക് സംവിധാനങ്ങളിലൂടെ അയയ്ക്കുന്നവരുടെയും/ പണമടയ്ക്കലിന്റെയും വിവരങ്ങൾ നൽകുന്നതിനും സമാനമായ സമീപനം സ്വീകരിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

(കാസാ സുധാകർ)
ജനറൽ മാനജർ